**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4056** **03-03-2023 - ൽ മറുപടിയ്ക്ക്**

**നിർഭയ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കുട്ടികളുടെ പോഷകാഹാര നിലവാരം മെച്ചപ്പെടുത്താനും വിശപ്പ് രഹിത ബാല്യം എന്ന സുസ്ഥിര വികസനലക്ഷ്യം കൈവരിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുവെന്ന് വിശദമാക്കാമോ; | (എ) | **(എ) സംസ്ഥാനത്തെ കുട്ടികളുടെ പോഷകാഹാര നിലവാരം മെച്ചപ്പെടുത്താനും വിശപ്പ് രഹിത ബാല്യം എന്ന സുസ്ഥിര വികസനലക്ഷ്യം കൈവരിക്കുന്നതിനുമായി വനിത ശിശു വികസനവകുപ്പ് ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.**<br><br>1) <u>അനുപൂരക പോഷകാഹാരപദ്ധതി:</u>- വനിത ശിശു വികസന വകുപ്പിന് കീഴിലെ സംയോജിത ശിശു വികസന പദ്ധതിയിൻ കീഴിൽ അങ്കണവാടികൾ വഴി 6 മാസം മുതൽ 6 വയസുവരെയുള്ള കുട്ടികൾ, ഗുരുതര പോഷകക്കുറവുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് അനുപൂരക പോഷകാഹാര പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതി 50:50 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഫണ്ട് ചെലവഴിക്കുന്നു. 6 മാസം മുതൽ 3 വയസുവരെ പ്രായമുള്ള കുട്ടികൾക്ക് അമൃതം ന്യൂട്രിമിക്സും, 3 വയസ് മുതൽ 6 വയസുവരെയുള്ള കുട്ടികൾക്ക് മോർണിംഗ് സ്നാക്സ്, നൂൺ ഫീഡിംഗ്, ജനറൽ ഫീഡിംഗ് എന്നിവയും, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് ജനറൽ ഫീഡിംഗും നൽകി വരുന്നുണ്ട്. ഇതിലൂടെ കേന്ദ്ര മാനദണ്ഡ പ്രകാരമുള്ള കലോറി പ്രോട്ടീൻ ഉറപ്പാക്കുന്നു.<br><br>2) <u>പോഷകബാല്യം പദ്ധതി :-</u>സംസ്ഥാന സർക്കാർ 2022-23 ബഡ്ജറ്റിൽ 61.5 കോടി വകയിരുത്തി അങ്കണവാടി പ്രീ സ്കൂൾ കുട്ടികൾക്ക് ആഴ്ച്ചയിൽ 2 ദിവസം പാലും 2 ദിവസം മുട്ടയും നൽകുന്ന പോഷക ബാല്യം പദ്ധതിയും നടപ്പിലാക്കി വരുന്നു.<br><br>3) <u>ആദ്യ 1000 ദിന പരിപാടി:</u>- ഗർഭാവസ്ഥ മുതൽ കുഞ്ഞിന് 2 വയസ്സുവരെയുള്ള കാലഘട്ടത്തിൽ കുഞ്ഞിന്റെ സമഗ്ര വികസനം ലക്ഷ്യം വച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ആദ്യ 1000 ദിന |

പരിപാടി. അട്ടപ്പാടി മേഖലയിലുണ്ടായ ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ 2013-ൽ അട്ടപ്പാടിയിൽ ആരംഭിച്ച പദ്ധതി നിലവിൽ സംസ്ഥാനത്താകെ തെരഞ്ഞെടുക്കപ്പെട്ട 42 ICDS പ്രോജക്ടുകളിൽ നടപ്പിലാക്കി വരുന്നു. ടി പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും പ്രത്യേക മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെറാപ്യൂട്ടിക് ഫുഡ് വിതരണം ചെയ്യുന്നു. മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗർഭിണിയുടെ തൂക്കം 45 കി.ഗ്രാമിൽ കുറവ്, ഉയരം 145 സെ.മീറ്ററിൽ താഴെ

2. ഗർഭകാലത്ത് തൂക്കവർദ്ധനവ് കുറവായവർ (ആദ്യ 3 മാസം 1.5 കി.ഗ്രാമിൽ താഴെയും തുടർന്നുള്ള മാസങ്ങളിൽ 1 കി.ഗ്രാമിൽ താഴെയും തൂക്കവർദ്ധനവ് ഉള്ളവർ)

3. ഗർഭകാലത്ത് വിളർച്ചയോ വൈറ്റമിൻ ബിയുടെ അപര്യാപ്തതയോ ഉള്ളവർ

4. പട്ടികജാതി /പട്ടികവർഗ്ഗത്തിൽപ്പെട്ട ഗർഭിണികൾ/ മുലയൂട്ടുന്ന അമ്മമാർ.

5. ഗർഭിണിയായ സമയത്ത് 18.5 ൽ താഴെ BMI ഉള്ളവർ.

6. ഗർഭിണിയുടെ പ്രായം 20 ൽ താഴെയോ 35 ൽ കൂടുതലോ.

7. ജനനഭാരം കുറവുള്ള കുഞ്ഞുങ്ങളുടെ അമ്മമാർ.

8. ഇരട്ടകുട്ടികളുള്ള അമ്മമാർ.

9. പോഷകാഹാരക്കുറവുള്ള കുട്ടികളുടെ അമ്മമാർ.

പദ്ധതിയുടെ ഭാഗമായി ഒരു സ്ത്രീ ഗർഭിണിയാകുന്ന നാൾ മുതൽ അങ്കണവാടി പ്രവർത്തകരും ഐസിഡിഎസ് സൂപ്പർവൈസർ, ശിശുവികസന പദ്ധതി ഓഫീസർ തുടങ്ങിയ ഉദ്യോഗസ്ഥരും നിശ്ചിത ഇടവേളകളിൽ ഗുണഭോക്താക്കളുടെ ഭവന സന്ദർശനം നടത്തി ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

4 <u>ന്യൂട്രിഷ്യൻ ക്ലിനിക്</u>: സംസ്ഥാനത്തെ കുട്ടികളിലെയും സ്ത്രീകളിലെയും പോഷണക്കുറവ്, വിളർച്ച, തൂക്കക്കുറവ്, വളർച്ച മുരടിപ്പ് എന്നിവ തടയുന്നതിനായി പോഷകാഹാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്ക്കരിക്കുന്നതിനും,

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കളുടെ പോഷണ നിലവാരം വിലയിരുത്തുന്നതിനും തുടർസേവനങ്ങൾ നൽകുന്നതിനും യോഗ്യരായ പോഷക വിദഗ്ധരുടെ സഹായത്തോടുകൂടി "ന്യൂട്രിഷ്യൻ ക്ലിനിക്" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തിലെ 152 ബ്ലോക്കുകളിലും 6 കോർപ്പറേഷൻ പരിധിയിലും (ആകെ 158 ന്യൂട്രിഷ്യൻ ക്ലിനിക്) യോഗ്യരായ പോഷക വിദഗ്ധരെ (ന്യൂട്രീഷ്യനിസ്റ്റുകളെ) നിയമിച്ചിട്ടുള്ളതാണ്. ആഴ്ചയിൽ 2 ദിവസം എന്ന കണക്കിൽ മാസത്തിൽ 8 ക്ലിനിക്കിന്റെ സേവനം ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നു. |
| (ബി) | നിർഭയ പദ്ധതിയുടെ ഭാഗമായി സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ 2021-2022 വർഷങ്ങളിൽ സർക്കാരിന് എത്രത്തോളം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | (ബി) നിർഭയ പദ്ധതിയുടെ ഭാഗമായി സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>**വനിതശിശു വികസന വകുപ്പ്**<br><br>അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി ഐ.ഇ.സി. പ്രോഗ്രാമുകൾ (ബസ് ബ്രാന്റിംഗ്, ബോധവത്ക്കരണ ക്ലാസ്സുകൾ, പരിശീലനങ്ങൾ) നടത്തുകയുണ്ടായി.<br><br>ഗാർഹികാതിക്രമ-ലൈംഗികാതിക്രമ അതിജീവിതരുടെ അടിയന്തിര ആവശ്യങ്ങൾക്കായി ആശ്വാസനിധി ധനസഹായം അനുവദിച്ചു.<br><br>സ്ത്രീകൾക്ക് ആത്മധൈര്യം പകരുന്നതിനായി നൈറ്റ് വാക്ക് (സംസ്ഥാനതലം/ജില്ലാതലം) സംഘടിപ്പിച്ചു.<br><br>സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടും കൂടി വൺസ്റ്റോപ്പ്സെന്റർ (ഒ.എസ്.സി.) കേരളത്തിൽ 14 ജില്ലകളിലും പ്രവർത്തിച്ചു വരുന്നു.<br><br>ലൈംഗികാതിക്രമം അതിജീവിച്ച കുട്ടികളുടെ സാമൂഹ്യാധിഷ്ഠിത പുനരധിവാസം ഉറപ്പു വരുത്തുന്നതിനായി കാവൽപ്ലസ് പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>ദുർബല വിഭാഗങ്ങളിലെ 10-15 വയസ്സ് വരെയുള്ള പെൺകുട്ടികളുടെ സ്വയരക്ഷയുടെ ഭാഗമായി ധീര എന്ന പേരിൽ ആയോധന കലാപരിശീലനം എല്ലാ ജില്ലകളിലും ആരംഭിച്ചു.<br><br>**ആഭ്യന്തര വകുപ്പ്** |

| | | | |
|---|---|---|---|
| | | | നിർഭയ പദ്ധതിയുമായി ബന്ധപ്പെട്ട് സ്ത്രീകളുടെയും പെൺകുട്ടികളുടെയും സുരക്ഷയ്ക്കും ബോധവൽക്കരണത്തിനുമായി വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ Self Defense Training നൽകിയിട്ടുള്ളതും സ്കൂൾ, കോളേജ്, കുടുംബശ്രീ തുടങ്ങിയ വിവിധ ഘടകങ്ങളിലായി ബോധവൽക്കരണവും സ്വയം പ്രതിരോധ ട്രെയിനിംഗും നൽകിയിട്ടുള്ളതുമാണ്. ജനമൈത്രി പദ്ധതി പ്രകാരം വനിതാ പോലീസ് ഉദ്യോഗസ്ഥർ ഭവന സന്ദർശനം നടത്തി സ്ത്രീകളുടെ സുരക്ഷ, സ്വയം പ്രതിരോധം സംബന്ധിച്ചുള്ള ബോധവൽക്കരണം തുടങ്ങിയവ നടത്തി വരുന്നുണ്ട്. കൂടാതെ, നിർഭയ പദ്ധതി പ്രകാരം ജില്ലയിൽ ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. നിർഭയ പദ്ധതിയുമായി ബന്ധപ്പെട്ട്, സ്ത്രീകളുടെയും പെൺകുട്ടികളുടെയും സുരക്ഷയ്ക്കും ബോധവൽക്കരണത്തിനുമായി വനിതാ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ നിർഭയ വോളണ്ടിയർമാരായി പ്രവർത്തിക്കാൻ താൽപര്യമുള്ള ആളുകളെ പഞ്ചായത്ത് തലത്തിൽ തിരഞ്ഞെടുത്തിട്ടുള്ളതാണ്. പഞ്ചായത്ത് തലത്തിൽ തിരഞ്ഞെടുത്തിട്ടുള്ള നിർഭയ വോളണ്ടിയർമാർക്ക് വനിതാ സ്വയം പ്രതിരോധ പരിപാടിയുടെ ഭാഗമായി പോലീസ് ഉദ്യോഗസ്ഥർ ട്രെയിനിംഗ് നൽകിയിട്ടുള്ളതും സ്കൂൾ, കോളേജ്, കുടുംബശ്രീ തുടങ്ങിയ വിവിധ മേഖലകളിലൂടെ സ്ത്രീ സുരക്ഷയെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികളും, സ്വയം പ്രതിരോധ പരിശീലന പരിപാടികളും, നിയമപരമായ അറിവ് കൂടുതൽ ആളുകളിലേയ്ക്ക് ഫലപ്രദമായി എത്തിക്കുന്നതിലേയ്ക്ക് പ്രചരണവും നടത്തിയിട്ടുള്ളതാണ്. ജില്ലകളിൽ വനിതാ സെല്ലിന് കീഴിൽ പ്രവർത്തിക്കുന്ന കൗൺസിലിംഗ് സെന്ററുകളിൽ കൗൺസിലർമാരുടെ സേവനം ലഭ്യമാക്കിയിട്ടുള്ളതും ഇതിലൂടെ പരാതിയുമായെത്തുന്ന സ്ത്രീകൾക്കും കുട്ടികൾക്കും കൗൺസിലിംഗ് നൽകുന്നതിനും ആവശ്യമുള്ളവർക്ക് സൗജന്യ നിയമ സഹായം നൽകുന്നതിനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ